**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4223** **28-10-2021 - ൽ മറുപടിയ്ക്ക്**

**എം.എസ്.എം.ഇ.കൾക്ക് ക്രെഡിറ്റ് ഫെസിലിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | യുവ നവസംരംഭകരേയും സ്റ്റാർട്ട് അപ്പ് മിഷനുകളെയും എം.എസ്.എം.ഇ. -കളെയും പരിപോഷിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ നിലവിൽ അനുവർത്തിക്കുന്ന ലാൻഡ് ലീസ് പോളിസിയിൽ വ്യതിയാനം വരുത്തി ലാൻഡ് അലോക്കേഷൻ പോളിസി സ്വീകരിക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിൽ പാട്ട വ്യവസ്ഥയിൽ വ്യവസായ ഭൂമി അനുവദിച്ച് വരുന്നത് വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപന ങ്ങളായ കിൻഫ്ര, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ, സിഡ്കോ മുതലായവയാണ്. ടി സ്ഥാപനങ്ങൾ 30 വർഷത്തെ പാട്ട വ്യവസ്ഥയിലാണ് ഭൂമി അനുവദിക്കുന്നത്. എന്നാൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ അധീനതയിലുള്ള വ്യവസായ ഭൂമി ഹയർ പർച്ചേസ് വ്യവസ്ഥയിലാണ് അനുവദിച്ച് വരുന്നത്. മേൽപ്പറഞ്ഞ രണ്ട് രീതികളിലും സൂക്ഷ്മ-ചെറുകിട-ഇടത്തരം പരിധിയിൽ വരുന്ന സംരംഭകർക്കും സ്റ്റാർട്ട് അപ്പുകൾക്കും ഭൂമി അനുവദിച്ച് വരുന്നുണ്ട്. എന്നാൽ ഒരു ഏകീകൃത ലാൻഡ് അലോട്ട്മെന്റ് നയം രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണിച്ച് വരുന്നു. |
| (ബി) | കോവിഡ് പ്രതിസന്ധി കാരണം സിബിൽ സ്കോർ കുറവായ യുവ നവസംരംഭകർക്കും സ്റ്റാർട്ട് അപ്പ് മിഷനുകൾക്കും എം.എസ്.എം.ഇ.കൾക്കും സി.ജി.ടി.എം.എസ്.ഇ. സംവിധാനത്തിലൂടെ വായ്പ നൽകുന്നതിൽ ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങൾ വൈമുഖ്യം കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് എസ്.എൽ.ബി.സി. മുഖേനെയോ മറ്റ് നടപടികളിലൂടെയോ പരിഹരിക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള അർഹമായ കേസുകൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി ബ്ലോക്ക് തല ബാങ്കേഴ്സ് കമ്മിറ്റി, ജില്ലാതല ബാങ്കേഴ്സ് കമ്മിറ്റി എന്നിവ മുഖേനയും ലീഡ് ബാങ്കുമായി ബന്ധപ്പെട്ടും തുടർ നടപടി സ്വീകരിച്ച് വരുന്നു. |
| (സി) | സി.ജി.ടി.എം.എസ്.ഇ. സംവിധാനത്തിലൂടെ യുവ നവസംരംഭകർക്കും സ്റ്റാർട്ട് അപ്പ് മിഷനുകൾക്കും എം.എസ്.എം.ഇ.കൾക്കും വായ്പ നൽകുന്നതിന് കേന്ദ്ര സർക്കാർ നിർദേശത്തിന് വിരുദ്ധമായി ബാങ്കുകൾ കൊളാറ്ററൽ സെക്യൂരിറ്റി ആവശ്യപ്പെടുന്നത് ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ; | (സി) | സി.ജി.ടി.എം.എസ്.ഇ പദ്ധതി പ്രകാരം സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾക്ക് ട്രസ്റ്റിന്റെ ഗ്യാരന്റിയോടുകൂടി 2 കോടി രൂപ വരെ വായ്പകൾ നൽകുന്നതിന് വ്യവസ്ഥയുണ്ട്. വായ്പ നൽകുന്നതിന് കേന്ദ്ര സർക്കാർ നിർദേശത്തിന് വിരുദ്ധമായി ബാങ്കുകൾ കൊളാറ്ററൽ സെക്യൂരിറ്റി ആവശ്യപ്പെടുന്ന പക്ഷം ബാങ്കുകളുമായി ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | പരാതികൾ ചർച്ച ചെയ്യുന്നതിനുള്ള കമ്മിറ്റികളായ ബ്ലോക്ക് തല ബാങ്കേഴ്സ് കമ്മിറ്റി, ജില്ലാതല ബാങ്കേഴ്സ് കമ്മിറ്റി, സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി എന്നിവയുമായി ബന്ധപ്പെട്ട് തുടർ നടപടി സ്വീകരിക്കാവുന്നതാണ്. |
| (ഡി) | മേൽപറഞ്ഞ വിഭാഗങ്ങൾക്കായി സംസ്ഥാന സർക്കാർ സ്ഥാപനങ്ങളായ കേരള ബാങ്ക്, കെ.എഫ്.സി., കെ.എസ്.ഐ.ഡി.സി. തുടങ്ങിയവയിൽ നിന്നും സി.ജി.ടി.എം.എസ്.ഇ. മാതൃകയിൽ കൊളാറ്ററൽ സെക്യൂരിറ്റി ഇല്ലാതെ രണ്ട് കോടി രൂപ വരെ സംരംഭകത്വ വായ്പ ലളിതമായ വ്യവസ്ഥകളിൽ "ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ്" നയം അനുസരിച്ച് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ? | (ഡി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ